# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 302** — **05-08-2021 - ൽ മറുപടിയ്ക്ക്**

### കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകളിലെ അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഇരിങ്ങാലക്കട കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വൻ തുകയുടെ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 68 പ്രകാരം അന്വേഷണം നടന്നു വരുന്നു. കൂടാതെ ഗവൺമെന്റ് തലത്തിൽ ഈ വിഷയം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ഉന്നതതല സമിതിയെയും നിയോഗി ച്ചിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച് ക്രിമിനൽ ഇൻവെസ്റ്റിഗേഷനും നടന്നു വരുന്നു. |
| (ബി) | ഇതിലെ കുറ്റക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) | സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ ബാങ്കിന്റെ ഭരണസമിതി അംഗങ്ങളും, ബാങ്ക് സെക്രട്ടറി സുനിൽകുമാർ, ബ്രാഞ്ച് മാനേജർ ബിജു, മറ്റ ജീവനക്കാരായ ജിൽസ്, റബ്കോ കമ്മീഷൻ ഏജന്റ് ബിജോയ് എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചു വിട്ടിട്ടുണ്ട്. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ബാങ്കിനുണ്ടായ നഷ്ടം കുറ്റക്കാരിൽ നിന്നും തിരികെ ഈടാക്കുന്നതിന് സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ക്രമക്കേട് കാട്ടി അനധികൃതമായി ലോൺ നേടിയവരുടെ വസ്തുക്കൾ അറ്റാച്ച് ചെയ്ത് തുക ഈടാക്കാൻ എല്ലാവിധ നിയമനടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ